# പുരാവൃത്തം

വീണ്ടും മീനാക്ഷിപ്പാളയം.

വർഷങ്ങൾക്കു ശേഷം, അടുത്തും അകന്നുമായി ഒരു മീനാക്ഷിപ്പാളയം. ചേറിലും ചെളിയിലും, കെട്ട ഓർമ്മകളിലും പുതഞ്ഞുപോയ കാലത്തിൽ നിന്ന് ഒരു പ്രദേശത്തെയാകെ വീണ്ടെടുക്കുക എളുപ്പമാവില്ല. രേവതി ഓർത്തു. .

യാത്രകൾ എപ്പോഴും, പുലരിയിലൂടെ, സന്ധ്യയിലൂടെ. അങ്ങിനെ മീനാക്ഷിപ്പാളയത്തെ തുടുത്ത സന്ധ്യകൾ ഇപ്പോൾ വീണ്ടും എന്നെ തേടിയെത്തുന്നു. പകലത്തെ വേവിനു ശേഷം ഗസ്റ്റ്ഹൗസിന്റെ വരാന്തയിൽ തനിച്ചിരിക്കുമ്പോൾ, തകരക്കൂരയിലേക്ക് ചാഞ്ഞ കൊമ്പുകളിൽ ചേക്കേറുന്ന കിളികൾ ഉറക്കെ ചിലയ്ക്കുന്നത് കേൾക്കാം. അന്തിച്ചുവപ്പിൽ നിന്ന് പറന്നിറങ്ങി പുലരിവെട്ടത്തിലേക്ക് പറന്നു പോകേണ്ടവർ.

അവർക്കൊക്കെ എന്തോ പറയാനുള്ളതു പോലെ. എന്നോട്, മീനാക്ഷിപ്പാളയത്തോട്.

ഇങ്ങോട്ടുതന്നെ ഉറ്റുനോക്കിക്കൊണ്ട് പിണഞ്ഞു കൂടിയ കൊമ്പുകളിൽ രാവിരുളാൻ കാത്തിരിക്കുകയാവും ആ കിളികൾ. പിന്നീടെപ്പോഴോ ഇരുള് കനക്കുമ്പോൾ ആകൃതിയില്ലാത്ത നിഴൽക്കൂട്ടങ്ങളിൽ നിന്ന് ഒറ്റപ്പെട്ട കിളിയൊച്ചകളുടെ വരവായി. ഇലപ്പടർപ്പുകളുടെ അകലങ്ങളിൽ നിന്ന് മങ്ങിയും തെളിഞ്ഞും മൊഴിപ്പകർച്ചകൾ.

അമർന്ന കിന്നാരങ്ങൾ. കൂട്ടത്തിൽ ചില ചെറിയ തർക്കങ്ങളും.

അവരുടെ അടക്കം പറച്ചിൽ തന്നോടാണെന്ന് തിരിച്ചറിഞ്ഞത് ഏറെക്കഴിഞ്ഞാണ്. അപ്പോഴേക്കും തന്റെ ശ്രദ്ധ പിടിക്കാനായി ഒരു വിചിത്രശബ്ദം പുറപ്പെടുവിക്കാൻ അവർ ശീലിച്ചു കഴിഞ്ഞിരുന്നു. ഉറങ്ങാൻ കിടക്കുമ്പോൾ ജാലകച്ചില്ലിനപ്പുറം കൊക്കു കൊണ്ട് താളമിടാറുണ്ടായിരുന്ന വെള്ളപ്രാവിനും എന്തോ പറയാനുണ്ടായിരുന്നു.

അവർക്കൊക്കെ പലതും അറിയാവുന്നതു പോലെ. മീനാക്ഷിപ്പാളയത്തെ പറ്റി, പാർവ്വതീപുരത്തെ പറ്റി. പാർവ്വതീപുരം മീനാക്ഷിപ്പാളയമാകുന്നത് കന്മഷമേശാത്ത അവരുടെ കൺമുമ്പിൽ. ഓരോ ദേശത്തിനും അതിന്റേതായ നേരുകളുണ്ട്, തനതുതാളങ്ങളും. കരിമ്പുവയലുകൾ വെട്ടിനിരപ്പാക്കി, പഞ്ചസാരമില്ലുകൾ ഉയർന്നപ്പോൾ, ഗ്രാമം പട്ടണമോടികളിലേക്ക് പടർന്നു കയറിയപ്പോൾ, ദേശപ്പകർച്ചകളിലെ താളപ്പിഴകൾ അവരെ അലട്ടിയിരിക്കാം.

പ്രകൃതിയുടെയും മനുഷ്യന്റെയും സങ്കടങ്ങൾ ആദ്യമറിയുകയെന്നത് കിളിജന്മത്തിന്റെ ശാപം. പുരാതനൻ വാലുമൂപ്പൻ ആദ്യം കേട്ടത് വരാൻ പോകുന്ന നല്ല കാലത്തിന്റെ കിളിയൊച്ചകളായിരുന്നു. പിന്നീടെന്നോ അതേ കിളികൾ അന്തിയിലേക്ക് പറന്നുപോയത് കരിയും പുകയും പുരണ്ട കെട്ടകാലത്തിന്റെ ഓർമ്മകളുമായി. വിശുദ്ധിയുടെ ചിറകുകളിൽ വീണ കറുത്ത പുള്ളികൾ ഏറെക്കാലം മായാതെ കിടന്നിരിക്കണം. അതുകൊണ്ടു തന്നെ പുലരിക്കും അന്തിക്കുമിടയിലുള്ള യാത്രകളിൽ പിന്നീടവർക്ക് പറയാനുണ്ടായിരുന്നത് കെടുതിയുടെ കഥകൾ മാത്രമായിരുന്നു.

നല്ല കാലത്തെ വരവേറ്റ പുരാതനന് ഒടുവിൽ ഓർമ്മിപ്പിക്കേണ്ടി വന്നത് വരുംകാല ദുരന്തങ്ങളെ പറ്റി. അത് പൂർവ്വീകരുടെ വിധി. നമ്മുടെയും വിധി. രേവതി സമാധാനിച്ചു.

അടിമണ്ണിലെ പൊന്ന് തേടിപ്പോയവർക്ക് മുകൾമണ്ണിലെ പൊന്നിന്റെ പൊടിപ്പുകൾ കാണാനായില്ല. മധുരം വിളഞ്ഞിരുന്ന മണ്ണ് പതിയെ കറുത്തു. പുഴവെള്ളം പുളിച്ചു. കിണറുകളുടെ അകത്തളങ്ങളിൽ ഇഴജന്തുക്കളുടെ ചോര വീണു. തണുപ്പുകാലപ്പുലരികളിൽ രാത്രിയുടെ ശേഷിപ്പായ ഇരുണ്ട മഞ്ഞ് മീനാക്ഷിപ്പാളയത്തിന്റെ കാഴ്ചകളെ മറച്ചു.

പിൽക്കാല കാഴ്ചകളിൽ പൊരുത്തങ്ങളേക്കാൾ കൂടുതൽ പൊരുത്തക്കേടുകളായിരുന്നു. കുടുംബങ്ങളിലെ കെട്ടുകൾ അയഞ്ഞപ്പോൾ, അടുത്തവർ അകന്നപ്പോൾ, എല്ലാറ്റിനും ന്യായങ്ങളുണ്ടായി.

ഇത് പുതിയ കാലം, ചങ്ങാതീ ! ഇതറിയാൻ പുതിയ കണ്ണും കാതും ഇന്ദ്രിയങ്ങളും കൂടിയേ തീരൂ. പഴയ ബന്ധങ്ങൾക്ക് കൂടി പുതിയ വ്യാഖ്യാനങ്ങൾ. പഴയ നേരുകളെ പൊതിഞ്ഞു മറയ്ക്കുന്ന ഒരുപാട് പുതിയ നേരുകൾ.

ഇവയ്ക്കെല്ലാമിടയിൽ മീനാക്ഷിപ്പാളയത്തെ ഇരുണ്ട മഞ്ഞ് കൊഴുത്തു കൂടുകയായിരുന്നു.

പുതിയ മീനാക്ഷിപ്പാളയത്തു നിന്ന് പഴയ പാർവ്വതീപുരം അടർന്നുപോയിക്കൊണ്ടിരിക്കെ, ഒരു കാലഘട്ടമാകെ സ്വയം പിൻവാങ്ങുകയായിരുന്നു.

പാർവ്വതീപുരം പതിയെ സഞ്ചരിക്കുകയായിരുന്നു, ദുരൂഹമായ ഒട്ടേറെ പരിണാമദശകളിലൂടെ. സ്ഥലത്തിന്റെ സഞ്ചാരങ്ങൾക്ക് കാലം അകമ്പടി നിന്നപ്പോൾ പുരുഷായുസ്സുകളിലൂടെ നേടിയ പലതും കൊഴിഞ്ഞു പോയിക്കൊണ്ടിരുന്നത് ആരുമറിഞ്ഞില്ല.

സർവ്വൈശ്വര്യങ്ങളും വെടിഞ്ഞ് മഹേശ്വരനെ പ്രസാദിപ്പിക്കാനായി പാർവ്വതി ഒറ്റക്കാലിൽ നിന്ന് തപസ്സ് ചെയ്ത ഇടം. പെൺമയുടെ ഘോരതപത്തിൽ ശുദ്ധി ചെയ്യപ്പെട്ട മണ്ണിന് രാപ്പകലുകളും ഋതുക്കളും കാവൽ നിന്നു.

അവിടെയാണ് പിന്നീട് പുതിയ കാലവുമായി സമരസപ്പെടാനുള്ള ബലിയിടങ്ങൾ ഒരുങ്ങിയത്.

ചുറ്റും ചോദ്യങ്ങളെറിഞ്ഞ്, ഒടുവിൽ സ്വയം ഉത്തരമില്ലാത്ത ചോദ്യമായി മാറിയ മീനാക്ഷിപ്പാളയം. അവിടെ കഴിഞ്ഞുകൂടിയ കാലം മുഴുവനും തന്നെ അലട്ടിയിരുന്നത് അഴിയാക്കുരുക്കുകളായ ആ ചോദ്യങ്ങളായിരുന്നുവെന്ന് രേവതി ഓർത്തു. അതിലേറെ സംശയങ്ങളും.

അത് വെറുമൊരു ഭൂപ്രദേശമല്ല ചേച്ചീ ! അകംപുറം കാണാനാകാത്ത കാലപ്പകർച്ചകളുടെ മായാത്ത അടയാളങ്ങൾ. കാണെക്കാണെ, പാണ്ഡുപിടിച്ച മൂടൽമഞ്ഞിലേക്ക് താനേ മുങ്ങിപ്പോകുകയായിരുന്നല്ലോ മീനാക്ഷിപ്പാളയം.

താൻ പറയാൻ നോക്കുന്നത് എപ്പോഴും പ്രിയംവദയോട് തന്നെയെന്ന് നന്നായറിയാം രേവതിക്ക്. സൃഷ്ടാവിന്റെ ജാഗ്രതയോടെ മീനാക്ഷിപ്പാളയത്തിന് രൂപം കൊടുത്ത് അതിന്റെ ഒട്ടേറെ സന്നിഗ്ധതകളിലേക്ക് തന്നെ കൂട്ടിക്കൊണ്ടു പോയ പ്രിയംവദച്ചേച്ചി.

എല്ലാമറിയുന്നവർ മരക്കൊമ്പുകളിലെ രാക്കിളികൾ മാത്രം. പാർവ്വതീപുരത്തിന്റെ മീനാക്ഷിപ്പാളയത്തേക്കുള്ള നിശ്ശബ്ദമായ പ്രയാണം ആദ്യമറിഞ്ഞതും അവർ തന്നെയായിരിക്കണം.

മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന പൽച്ചക്രങ്ങൾ. തായ്ത്തടിയിൽ വീഴുന്ന മഴുവിന്റെ മുന. ഒലിച്ചിറങ്ങുന്ന മരച്ചോര യുടെ മട്ടിക്കുന്ന ഗന്ധം. മണ്ണിന്റെ, മരങ്ങളുടെ, കരച്ചിൽ ആദ്യം കേട്ടതും ആ പക്ഷികൾ തന്നെയായിരിക്കണം. പിന്നീട് കരിമ്പുവയലുകൾക്കിടയിൽ കെട്ടിടങ്ങൾ പൊങ്ങി. യന്ത്രങ്ങൾ മുരണ്ടു. പുക പൊങ്ങി. അതിന്റെ അവശിഷ്ടങ്ങൾ മണ്ണും, വായുവും, വെള്ളവും, ഏറ്റുവാങ്ങി.

പിന്നീടാണ് പൊന്തക്കാടുകൾക്കിടയിൽ മറഞ്ഞു കിടന്നിരുന്ന പൊട്ടക്കിണറുകളുടെ ഗുഹാമുഖം തെളിഞ്ഞു വന്നത്. അതിലൂടെ ആഴമറിയാത്ത ജലരാശിയിലേക്ക് ചോര കിനിയുന്ന വൃദ്ധശരീരങ്ങൾ ചെന്നു വീണത് ആരും കണ്ടില്ല.

മുനിയാണ്ടി, അതിനുമുമ്പ് അറുമുഖം, മുത്തു.......ആരൊക്കെയോ, ആരൊക്കെയോ,,,

അവസാനത്തെ പിടച്ചിലിൽ ഒടിഞ്ഞുപോയ കരച്ചിൽ കേട്ട് ഞെട്ടിയുണർന്നത് മരക്കൊമ്പുകളിൽ മയങ്ങിയി രുന്ന പക്ഷിക്കൂട്ടമായിരുന്നു. പിന്നീടത് വലിയൊരു നിലവിളിയായി പടർന്നു.

ഒരു കൊമ്പിൽ നിന്ന് മറുകൊമ്പിലേക്ക്. ഒരു മരത്തിൽ നിന്ന് അയൽമരത്തിലേക്ക്.

അങ്ങിനെ മരക്കൊമ്പുകളിലെ കിളിക്കൂട്ടം അതൊരു വൻവിലാപമായി ഏറ്റുവാങ്ങുമ്പോൾ തെക്കേ കോണിൽ നിന്ന് ഈർപ്പത്തിന്റെ നനുത്ത പാളികളുമായി, വഴി തെറ്റി വന്ന ഏതോ കാറ്റ് ആഞ്ഞു വീശി. കാലം തെറ്റി ഒരു മഴ പെയ്തു. കൊടുംവേനലിന് നടുവിൽ പാതിരാത്രിയിൽ ചൊരിഞ്ഞ മഴയിൽ പലതും താനേ ശമിച്ചു. വെള്ളപ്പാച്ചിലിൽ അഴുക്കുകൾ പലതും ഒലിച്ചുപോയി. കൂട്ടത്തിൽ ചോര കട്ട പിടിച്ച ഇത്തിരി മണ്ണും.

ശമിക്കാതിരുന്നത് കിളിജന്മം ഏറ്റുവാങ്ങിയ കുറെ സങ്കടങ്ങൾ മാത്രം.

ഇലക്കൂട്ടത്തിൽ പൊടുന്നനെ ഉണക്കം വീഴുന്നതും പ്രായമാകുന്നതിനു മുമ്പേ തായ്ത്തടികൾ പൂതലിക്കുന്നതും അടിവേരുകൾ ദ്രവിക്കുന്നതുമൊക്കെ അവരെ വല്ലാതെ അലട്ടിയിരിക്കണം. ഇളമയിൽ ഉണങ്ങുന്ന മരങ്ങളും മൂപ്പെ ത്താതെ കൊഴിയുന്ന ഇലകളും തീർക്കുന്ന അരക്ഷിതത്വത്തിൽ അവരുടെ പ്രഭാതഗീതങ്ങളുടെ ശ്രുതി തെറ്റി.

ഒരുപക്ഷെ, അവർ തന്നോട് പറയാൻ ശ്രമിച്ചതും അതുതന്നെയാകാം. ഈ കരച്ചിലുകളിൽ നിന്ന്, പിടച്ചിലുക ളിൽ നിന്ന് ഞങ്ങളെ കാക്കണേ എന്ന പ്രാർത്ഥന. പിന്നീട് ദുരൂഹമായ ഏതോ മൗനങ്ങളിലേക്ക് സ്വയം പിൻവാങ്ങു മ്പോഴും ഈ കരച്ചിൽ അവരുടെ ഉള്ളിൽ കിടന്ന് പിടഞ്ഞിരിക്കാം.

വാലുമൂപ്പൻ കിനാവിൽ കണ്ട കെട്ട കാലം ഒരു മഹാശാപം പോലെ ആ പ്രദേശത്തിന് മുകളിൽ വന്നു വീണ പ്പോൾ അതിന്റെ നീറ്റൽ ഏറ്റുവാങ്ങേണ്ടി വന്നത് കിളികളുടെ കുഞ്ഞുമനസ്സുകൾക്കായിരിക്കണം. പൂർവ്വീകർ തന്ന മണ്ണിന്റെ, വിളഭൂമിയുടെ ശാപം. മണ്ണിൽ നെടുവീർപ്പുകൾ മാത്രമല്ല, ദേശവും കുലവും മുടിക്കുന്ന ശാപശക്തിയുമുണ്ടെന്ന് ആരും തിരിച്ചറിഞ്ഞില്ല.

അതൊക്കെ ആദ്യകാലത്ത് മാത്രം.

മീനാക്ഷിപ്പാളയത്തിന്റെ കഥ ഇവിടെ തീരുന്നില്ലല്ലോ ചേച്ചീ, ഇതൊരു തുടക്കം മാത്രം. രേവതി ഓർമ്മിപ്പിക്കു കയാണ്.

അതങ്ങിനെ പടർന്നു പോകുകയാണ്, കുടി കൊണ്ടവർക്കും, അടുപ്പം കാത്തവർക്കുമായി. അതു കൊണ്ടാവാം, നമ്മുടെയൊക്കെ ജീവിതങ്ങൾ അത്രകണ്ടു അവിടവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു.

പുതിയ കാലത്തെ അളക്കാൻ പുതിയ അളവുകോലുകൾ വേണമത്രെ. പഴയ സന്ധികളെ പുതിയ വെളിച്ചത്തിൽ കാണാൻ നോക്കിയപ്പോൾ ആദ്യം കാഴ്ച മങ്ങി. പിന്നെപ്പിന്നെ പലതും പരിചയമായി. അങ്ങിനെ പുതുവെളിച്ചത്തിൽ പലരേയും ഇപ്പോൾ കുറച്ചൊക്കെ മനസ്സിലാക്കാൻ കഴിയുന്നു.

നീതുവിനെ...

നീതുവിന്റെ അച്ഛനെ....

ഡോക്ടർ റോയ്ചൗധരിയെ...

മുനിയാണ്ടിയെ, രാജയെ, കാവേരിയെ...

എന്തിന്, ഇടയ്ക്കെന്നോ മിന്നി മറഞ്ഞു പോയ ആ ഹരിനാരായണനെ വരെ.

അവരെല്ലാം പുതിയ കാലം കൊത്തിയിട്ട ഓരോ അടയാളക്കല്ലുകൾ.

പാർവ്വതീപുരത്തു നിന്ന് മീനാക്ഷിപ്പാളയത്തേക്കുള്ള അകലം ഏറെയെന്ന് തിരിച്ചറിഞ്ഞപ്പോഴേക്കും വൈകി പ്പോയിരുന്നു. കാലപ്പകർച്ചകളുടെ ഈ ഗതിവേഗം എന്റെ കണ്ണ് മിന്നിക്കുന്നല്ലോ ചേച്ചീ, അതും ഈ പ്രായത്തിൽ ! ഒരു പക്ഷെ, പ്രദേശങ്ങളെ വേറിട്ട് കാണാൻ കഴിയാഞ്ഞതായിരിക്കും എന്റെ പിഴവ്. അലിവറിയാത്ത കാഴ്ചകളിൽ എല്ലാറ്റിനും കണിശമായ ഇടങ്ങൾ വേണം, മനുഷ്യന് മാത്രമല്ല, ദേശങ്ങൾക്കു വരെ.

ആ കിളികൾ അതൊക്കെ മുമ്പേ തിരിച്ചറിഞ്ഞതു പോലെ.

കിളികൾ മൂന്നു കാലങ്ങളും അറിയുന്നവർ. കാലങ്ങളിലൂടെ സഞ്ചരിക്കാൻ വിധിക്കപ്പെട്ടവർ.

സത്യത്തിൽ എന്താണവയ്ക്ക് എന്നോട് പറയാനുണ്ടായിരുന്നത് ? കിളിമൊഴികളുടെ പൊരുളറിയാത്ത നിസ്സഹാ യതയിലും ഞാൻ അവരുടെ ശബ്ദങ്ങൾക്കായി കാതോർത്തു. സന്ധ്യയുടെ മരക്കൊമ്പുകളിൽ, പിന്നീട് രാത്രിയുടെ അന്തമി

ല്ലായ്മകളിൽ, അവർ നിറുത്താതെ ചിലച്ചുകൊണ്ടിരുന്നു. അഗതികളായി അലയുന്ന ആ ശബ്ദങ്ങൾക്ക് മേൽ മീനാക്ഷിപ്പാളയത്തെ ഇരുണ്ട രാത്രികൾ പല തവണ വെളുക്കുകയും പൂക്കുകയും ചെയ്തു. എന്നെങ്കിലും തങ്ങളുടെ മൊഴികൾ തിരിച്ചറിയപ്പെടുമെന്നും അതിലൂടെ ഒരു പ്രദേശമാകെ പുനർജ്ജനിക്കുമെന്നും അവർ മോഹിച്ചിരുന്നിരിക്കണം.

അതേവരെ കാത്തു നിൽക്കാനായില്ല എനിക്ക്. മീനാക്ഷിപ്പാളയത്തെ അശാന്തമായ രാത്രികൾ ഉറക്കം കളഞ്ഞപ്പോൾ എനിക്കും ആ കിളിശബ്ദങ്ങളെ പിന്തുടരണമായിരുന്നു.

അങ്ങിനെയാണ് എന്റെ ഉള്ളിൽ പാർവ്വതീപുരമെന്ന ഗ്രാമം തെളിഞ്ഞു കിട്ടുന്നത്. മീനാക്ഷിപ്പാളയമായി മാറുന്നതിനു മുമ്പുള്ള പാർവ്വതീപുരം.

ഇത് കിളികൾ പറയാതെ പറഞ്ഞ കഥ. അതിന്റെ വിശുദ്ധി. ആൺകിളികൾ തങ്ങളുടെ ഇണകൾക്ക് പരുക്കൻ കുരലിലൂടെ പകർന്ന പ്രദേശം....

രണ്ടു മൊട്ടക്കുന്നുകൾക്ക് നടുവിലായി തരിശായ പാടങ്ങളും, വിണ്ടുകീറിയ മണ്ണും മാത്രമുള്ള ഊഷരമായ താഴ്വാരം. മഴ വീഴാത്ത, ചുവന്ന മണ്ണിൽ വർഷം മുഴുവനും വെയിൽ കത്തി നിന്നപ്പോൾ ജീവിക്കാനുള്ള വഴിയും തേടി ദേശക്കാർ ഓരോരുത്തരായി വരണ്ടുണങ്ങിയ പുഴയും കടന്ന് അക്കര പിടിച്ചു. എന്നിട്ടും ശ്രീപാർവ്വതിയുടെ പാദം പതിഞ്ഞ മണ്ണിൽ ഒരുനാൾ മഴ വീഴുമെന്നും തങ്ങളുടെ കുളങ്ങളും കിണറുകളും നിറഞ്ഞു കവിയുമെന്നും പാടങ്ങളിൽ വിളയിറക്കാമെന്നും മോഹിച്ച് അവിടെത്തന്നെ കുടി കൊണ്ടവരുടെ മുകളിൽ കനിവില്ലാത്ത ആകാശം എരിഞ്ഞുനിന്നു. ശീതകാല രാത്രികളിലെ മഞ്ഞിന്റെ ഈർപ്പം ഒപ്പിയെടുക്കാൻ ആദ്യത്തെ വെയിൽനാമ്പുകളെത്തുമ്പോൾ വെയിലിനും, ചൂടിനുമപ്പുറമുള്ള ലോകം തങ്ങൾക്ക് അസാദ്ധ്യമെന്ന് നാട്ടുകാർ തിരിച്ചറിഞ്ഞു.

ശേഷിച്ചവരിൽ പലരും പുഴ കടന്നു പോയത് അങ്ങിനെയാണ്.

ആ വെന്ത മണ്ണിലേക്കാണ് ഒരു പുലർച്ചക്ക് ഒരു പരദേശി കുന്നിറങ്ങി വന്നത്. നീണ്ടുനിവർന്നു, കരിഞ്ഞ കാട്ടുതടിയെ പോലൊരാൾ. കൈയിലൊരു ലോഹമൊന്ത, തോളിലൊരു കലപ്പ. തലയിൽകെട്ടിയ കടുംചുവപ്പു ഉത്തരീയവും അരയിലെ ചോരനിറത്തിലുള്ള ഉടുത്തുകെട്ടും മാത്രമായിരുന്നു അയാളുടെ വേഷം. കഴുത്തിൽ കല്ലുമാലകൾ. ഭുജങ്ങളിൽ നാഗത്താന്മാർ പത്തി നിവർത്തിയ ലോഹവളകൾ.

ഉത്തരീയമഴിച്ച് വിയർപ്പ് തുടച്ച്, ആ ചുട്ടുപൊള്ളുന്ന മണ്ണിൽ ചമ്രം പടിഞ്ഞിരുന്ന് അയാൾ എന്തൊക്കെയോ ഓർത്തു. ആ ഓർമ്മയുടെ കുളിരിൽ ഉടലൊന്ന് കുടഞ്ഞു. കണ്ണുകളിൽ നീര് പൊടിഞ്ഞു. ഒരു നീണ്ട നെടുവീർപ്പിൽ ചുട്ട മണ്ണിന്റെ ശ്വാസങ്ങൾ കലർന്നു.

അമ്മേ മാപ്പ് !

ഒരു തരി മണ്ണെടുത്ത് രുചിച്ച് നോക്കുമ്പോൾ അയാളുടെ തൊണ്ടയിടറി. തെല്ലുനേരം കണ്ണടച്ച് ധ്യാനിച്ച ശേഷം അയാൾ ആ മണ്ണിൽ നീണ്ടുനിവർന്നു നമസ്കരിച്ചു. ഭൂമീദേവിയോട് ഒരിക്കൽക്കൂടി മാപ്പ് ചോദിച്ചു കൊണ്ട് കലപ്പയെടുത്ത് ആ കരിഞ്ഞ മണ്ണിന്റെ മാറ് നെടുകെ ആഴത്തിൽ പിളരുമ്പോൾ അയാളുടെ കണ്ണുകൾ വല്ലാതെ കലങ്ങിയിരുന്നു.

അയാൾ കാത്തു നിന്നു.

തെല്ലു കഴിഞ്ഞപ്പോൾ, ആ മുറിപ്പാടുകളിൽ ജലം പൊടിയുന്നതു പോലെ. അതോടെ അവിടമാകെ ഒരു വിചിത്ര ഗന്ധം പരക്കുകയായി. വരണ്ട മണ്ണിൽ വീഴുന്ന ആദ്യമഴയുടെ ഗന്ധം.

അയാളുടെ ഭാണ്ഡത്തിൽ കുറെ വിശേഷപ്പെട്ട കരിമ്പിൻതണ്ടുകളുണ്ടായിരുന്നു. മറുലോകങ്ങളുടെ ഇനിപ്പും അപൂർവ്വസ്വാദുമുള്ള കരിമ്പ്. അയാൾ ആ കരിമ്പിൻതണ്ടുകൾ പ്രാർത്ഥനയോടെ മണ്ണിലേക്ക് താഴ്ത്തിയിറക്കി. താഴ്വാരത്തിന്റെ വിസ്തൃതിയിൽ എട്ടു കോണുകളിലും ഓരോ തണ്ടുകൾ. അവയ്ക്ക് കാവലായി അഷ്ടദിക്പാലകർ.

പിന്നീട് മൊന്തയിൽ നിന്ന് ഒരു കൈ വെള്ളമെടുത്ത് എട്ടു ദിക്കുകളിലേക്കുമായി എറിയുമ്പോൾ അയാളുടെ ചുണ്ടുകളിൽ നിന്ന് ഏതോ വിചിത്രമായ മന്ത്രച്ചീളുകൾ തെറിച്ചു വീഴുന്നുണ്ടായിരുന്നു.

വീണ്ടും കണ്ണടച്ച് തെല്ലുനേരം ചമ്രം പടിഞ്ഞിരുന്നിട്ട് അയാൾ ഉറക്കെ പറയുകയായി.

പാഴ്നിലങ്ങളെ മെരുക്കുന്നവനാണ് ശരിയായ കൃഷിക്കാരൻ. അവിടെ വിളയിറക്കുമ്പോൾ അവൻ വീട്ടാൻ നോക്കുന്നത് ഈ മഹാപ്രകൃതിയോടുള്ള വലിയൊരു കടം തന്നെ. പിറക്കാനൊരു മണ്ണും, ജീവവായുവും, ജീവജലവും, കനിഞ്ഞു തന്ന പ്രകൃതി. മഴയും, മഞ്ഞും, വെയിലുമൊക്കെ കനിവിന്റെ താളക്രമങ്ങളായിരിക്കെ അവനിൽ പ്രസാദിക്കാതെ വയ്യല്ലോ പ്രകൃതിയ്ക്ക്.